# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 1

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

നവംബർ അഞ്ച്, ഏഴ് തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ പി.ജി. (എം.എ./എം.എസ്‌സി./എം.കോം./എം.സി.ജെ./എം.എം.എച്ച്./എം.എസ്.ഡബ്ല്യു./എം.ടി.എ. ആന്റ് എം.ടി.ടി.എം. - സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ യഥാക്രമം നവംബർ 27, 29 തീയതികളിലേക്ക് പുനക്രമീകരിച്ചു.

(പി.ആർ.ഒ/39/1931/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2018 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏഴുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1932/2019)

## പരീക്ഷഫലം

2019 മെയിൽ സ്‌കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടന്ന നാലാം സെമസ്റ്റർ എം.ടി.ടി.എം. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1933/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്‌ട്രോണിക്‌സ് (പി.ജി.സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1934/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.സി.ജെ. (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1935/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ബയോഇൻഫർമാറ്റിക്‌സ് (പി.ജി. സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1936/2019)

## കർഷകർക്ക് പ്രഥമ പരിഗണന നൽകൽ;
## 'ഫാർമർ ഫസ്റ്റ്' പദ്ധതിക്ക് എം.ജി.യിൽ തുടക്കം

കർഷകരുടെ പ്രശ്‌നങ്ങൾ പരിഹരിക്കാതെ ഒരു രാജ്യത്തിനും മുന്നോട്ടുപോകാനാവില്ലെന്ന് മഹാത്മാഗാന്ധി സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ. കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, നാഷണൽ സർവീസ് സ്‌കീം, ബി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്‌സ് പൂർവവിദ്യാർഥി സംഘടന എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'ഫാർമർ ഫസ്റ്റ്' പദ്ധതിയും

കർഷകരെ ആദരിക്കലും കാർഷിക പ്രഭാഷണവും സർവകലാശാല അസംബ്ലി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യനെ സംരക്ഷിക്കുന്നത് കർഷകരാണ്. എന്നാൽ അവർക്ക് പ്രഥമ പരിഗണന നൽകാൻ സമൂഹം വിമുഖത കാണിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. പ്രശസ്ത ജൈവ കർഷകൻ കെ.വി. ദയാലിനെ പ്രോ വൈസ് ചാൻസലർ ആദരിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്സ് പൂർവ വിദ്യാർഥി സംഘടന പ്രസിഡന്റ് എം.കെ. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

'കർഷകനും കൃഷിയും; മാറേണ്ട കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിൽ കെ.വി. ദയാൽ പ്രഭാഷണം നടത്തി. കർഷകസംഗമത്തിൽ ജി. പ്രകാശ്, കെ.ആർ. മോഹൻദാസ്, മേരി സെബാസ്റ്റ്യൻ, എസ്. രാധാകൃഷ്ണൻ നായർ, ജി. ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. കർഷകർക്ക് പ്രഥമ പരിഗണന നൽകുക എന്ന സന്ദേശമുയർത്തി നടപ്പാക്കുന്ന ഫാർമർ ഫസ്റ്റ് പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ എല്ലാ കാമ്പസുകളിലും കൃഷിയുടെ മാഹാത്മ്യം, പരമ്പരാഗത കൃഷി രീതികൾ, നെൽവിത്തിനങ്ങൾ, ജൈവകൃഷി, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കൽ എന്നിവ പരിചയപ്പെടുത്തുന്ന പരിപാടികൾ സംഘടിപ്പിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**(1) കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, നാഷണൽ സർവീസ് സ്കീം, ബി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്സ് പൂർവവിദ്യാർഥി സംഘടന എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'ഫാർമർ ഫസ്റ്റ്' പദ്ധതിയും കർഷകരെ ആദരിക്കലും കാർഷിക പ്രഭാഷണവും പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

**(2) മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, നാഷണൽ സർവീസ് സ്കീം, ബി.എൽ.എൽ.ഇ. ജൈവകൃഷി കോഴ്സ് പൂർവവിദ്യാർഥി സംഘടന എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് പ്രശസ്ത ജൈവ കർഷകൻ കെ.വി.ദയാലിനെ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ആദരിക്കുന്നു**

(പി.ആർ.ഒ/39/1937/2019)

## എം.ജി.യിൽ ഭരണഭാഷ വാരാഘോഷവും മലയാള ദിനാഘോഷവും

മലയാള ദിനാഘോഷത്തോടും ഭരണഭാഷ വാരാഘോഷത്തോടും അനുബന്ധിച്ച് ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയെടുത്തു. മഹാത്മാഗാന്ധി സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ പ്രൊഫ കെ.എം. കൃഷ്ണൻ, പി.ആർ.ഒ. എ. അരുൺകുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ഭരണഭാഷ വാരാഘോഷത്തോടനുബന്ധിച്ച് സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ നവംബർ നാലിന് രാവിലെ 11ന് കവിതാലാപന മത്സരം സംഘടിപ്പിക്കും. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കുന്ന മത്സരത്തിൽ സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. നവംബർ അഞ്ചിന് രാവിലെ 11ന് സർവകലാശാല വിദ്യാർഥികൾക്കായി 'മലയാളം; ഭാഷ, സാഹിത്യം, സംസ്കാരം' എന്ന വിഷയത്തിൽ പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. 'മലയാളവും മലയാളിയും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന പ്രബന്ധരചന മത്സരത്തിൽ സർവകലാശാല ജീവനക്കാർക്കും വിദ്യാർഥികൾക്കും പങ്കെടുക്കാം. പത്തുപുറത്തിൽ കവിയാത്ത പ്രബന്ധങ്ങൾ നവംബർ ഏഴിന് വൈകീട്ട് അഞ്ചിനകം ഡയറക്ടർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം എന്ന വിലാസത്തിൽ നൽകണം.

## ഫോട്ടോ ക്യാപ്ഷൻ

**മലയാള ദിനാഘോഷം - ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിന്റെ നേതൃത്വത്തിൽ ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയെടുക്കുന്നു**

(പി.ആർ.ഒ/39/1938/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ